ഉത്തരം

(എ) അതിഭീമമായ വർദ്ധനവ് ഉണ്ടാവുമെന്ന് കരുതുന്നില്ല.

(ബി) ഇല്ല. സിവിൽ സപ്ലൈസ് വകുപ്പും, സിവിൽ സപ്ലൈസ് കോർപ്പറേഷനും കാര്യക്ഷമമായും ഫലപ്രദമായും വിപണിയിൽ ഇടപെടുന്നുണ്ട്.

(സി) ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയിൽ 64 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ 35 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

നെല്ല് സംഭരണം

192(*T3075) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ കർഷകരിൽനിന്നും നെല്ലുസംഭരിക്കുന്നത് എത്ര രൂപയ്ക്കാണ്; എത്ര ടൺ നെല്ല് ഒന്നും രണ്ടും വിളകളിൽനിന്നും സംഭരിച്ചു; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) സംഭരിച്ച മുഴുവൻ നെല്ലിന്റെയും വില കർഷകർക്ക് നൽകിയോ; ഇല്ലെങ്കിൽ നൽകാനുള്ള തുകയും നൽകിയ തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) നെല്ല സംഭരണത്തിനായി സപ്ലൈകോയ്ക്ക് കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ; എത്ര തുക വകയിരുത്തി; അതിൽ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോ കർഷകരിൽ നിന്നും നെല്ലുസംഭരിക്കുന്നത് 21.50 രൂപയ്ക്കാണ്. 2015-16 ഒന്നാം സീസണിൽ 7-12-2015 വരെ 150799.201 മെ. ടൺ.

തിരുവനന്തപുരം	-	113.593 മെ. ടൺ
കൊല്ലം	-	3.609 മെ. ടൺ
പത്തനംതിട്ട	-	7.541 മെ. ടൺ
ആലപ്പുഴ	-	40082.196 മെ. ടൺ

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	-	16695.580 മെ. ടൺ
എറണാകുളം	-	133.308 മെ. ടൺ
തൃശ്ശൂർ	-	2100.362 മെ. ടൺ
പാലക്കാട്	-	91492.219 മെ. ടൺ
മലപ്പുറം	-	105.432 മെ. ടൺ
കണ്ണൂർ	-	38.847 മെ. ടൺ
കാസർഗോഡ്	-	26.514 മെ. ടൺ
ആകെ	-	150799.201 മെ. ടൺ

2015-16 രണ്ടാം സീസണിൽ നെല്ല് സംഭരണം ആരംഭിച്ചിട്ടില്ല.

(ബി) സംഭരിച്ച മുഴുവൻ നെല്ലിന്റെയും വില കർഷകർക്ക് നൽകിയിട്ടില്ല. കടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക് നൽകുവാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) നെല്ല സംഭരണത്തിനായി സപ്ലൈകോയ്ക്ക് കഴിഞ്ഞ ബഡ്ജറ്റിൽ 190 കോടി രൂപ വകയിരുത്തി. അതിൽ 190 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

നെല്ല് സംഭരണം

193(*T 3076) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഒന്നാം വിള കൊയ്ത്ത് ആരംഭിച്ചത് മുതൽ നെല്ല് സംഭരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ ഒന്നും രണ്ടും വിള സംഭരണത്തിന് നിശ്ചയിച്ചിരുന്ന സമയം ഏതായിരുന്നു;

(സി) കൊയ്ത്ത് കാലത്ത് തന്നെ സംഭരണം ആരംഭിക്കാതിരുന്നത് മൂലം കൃഷിക്കാർക്കുണ്ടായ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വർഷം നാളിതുവരെ സംഭരിച്ച നെല്ല് എത്രയാണ്; ഉല്പാദനത്തിന്റെ എത്ര ശതമാനം സംഭരിച്ചു; നെല്ല് സംഭരിച്ച ഇനത്തിൽ കൃഷിക്കാർക്ക് കൊടുത്തു തീർപ്പാക്കാൻ ബാക്കിയുള്ള തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly